# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3876** **21.06.2018-ൽ മറുപടിക്ക്**

സ്ട്രീറ്റ് ലൈറ്റുകൾ

| | ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി. | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സ്ട്രീറ്റ് ലൈറ്റുകൾ യഥാസമയം പ്രവർത്തിപ്പിക്കുന്നതിനായി സ്ഥാപിച്ചിരിക്കുന്ന ടൈമറുകൾ കേടാവുന്നത് മൂലം സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ 24 മണിക്കൂറും പ്രവർത്തിച്ച് വൈദ്യുതി നഷ്ടം ഇരട്ടിയോളമാകുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ടൈമർ കേടുവന്നതുമൂലം ചില സന്ദർഭങ്ങളിൽ കൂടുതൽ സമയം സ്ട്രീറ്റ് ലൈറ്റുകൾ കത്തികിടക്കാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)<br><br>(സി) | കേടായ ടൈമറുകളുടെ തകരാർ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ;<br><br>വാറണ്ടി പിരീഡിന് ശേഷം ടൈമറുകൾ കേടായാൽ അവ മാറ്റി സ്ഥാപിക്കുവാനും, രാത്രി കാലങ്ങളിൽ മാത്രമാണ് സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ബി)<br>&<br>(സി) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പർച്ചേസ് ചെയ്യുന്ന ടൈമറുകൾ അഞ്ച് വർഷം വാറണ്ടി ഉള്ളതാണ്.<br>ടൈമറുകൾ വാറണ്ടി കാലയളവിനുള്ളിൽ കേടായാൽ അവ വിതരണം ചെയ്യുന്ന കമ്പനികളുമായി യഥാസമയം ബന്ധപ്പെട്ട് കേടുവന്ന ടൈമറുടെ തകരാറുകൾ പരിഹരിക്കാനും, വാറണ്ടി കാലയളവിനു ശേഷം കേടായാൽ അത് റിപ്പയർ ചെയ്ത് ഉപയോഗിക്കുകയോ, പുതിയ ടൈമർ വാങ്ങി സ്ഥാപിക്കുകയോ ചെയ്യുവാനും അതുവഴി കൃത്യസമയങ്ങളിൽ മാത്രമാണ് സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നതെന്ന് ഉറപ്പുവരുത്തുവാനും ഫീൽഡ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

Hemalatha

സെക്ഷൻ ഓഫീസർ